# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 05/05/ 2019


## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി "ചെയിഞ്ച് ലീഡേഴ്സ് മീറ്റ് 2019" ജില്ലാതല പാസ്സിംഗ് ഔട്ട് പരേഡ്

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി **"ചെയിഞ്ച് ലീഡേഴ്സ് മീറ്റ് 2019"** സമ്മർ ക്യാമ്പിനോടനുബന്ധിച്ച് നടന്ന ജില്ലാതല പാസ്സിംഗ് ഔട്ട് പരേഡ് 05.04.2019 ന് ഇൻഫന്റ് ജീസസ്സ് ആഗ്ലോ ഇൻഡ്യൻ ഹയർസെക്കഡറി സ്കൂൾ അങ്കണത്തിൽ നടന്നു. സിറ്റിയിലെ 17 സ്കൂളുകളിൽ നിന്നുള്ള 19 പ്ലട്ടൂണുകളിലായി 568 സീനിയർ കേഡറ്റുകളാണ് പാസ്സിംഗ് ഔട്ടിൽ പങ്കെടുത്തത്. പൂയപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് ബാന്റ് ട്രൂപ്പിന്റെ താളമേളത്തിനൊപ്പം ചുവടുവെച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ പ്രകടനം കാണികൾക്ക് ആവേശോജ്ജ്വല മഹൂർത്തം പകരുകയായിരുന്നു.



രാവിലെ 07.45 ന് ആരംഭിച്ച പരേഡിൽ ജില്ലാ പോലീസ് മേധാവി ശ്രീ. പി.കെ മധു ഐ.പി.എസ്സ് മുഖ്യാതിഥിയായി. ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. കെ.എസ് ശ്രീകല, എസ്.പി.സി പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർ ശ്രീ. പി.എം മുഹമ്മദ് ആരിഫ് എന്നിവർ അഭിവാദ്യം സ്വീകരിച്ചു. കേഡറ്റുകളുടെ പരിശീലന പരിസമാപ്തി പ്രതിജ്ഞ സ്റ്റുഡന്റ് പോലീസ് അസ്സിസ്റ്റന്റ് നോഡൽ ആഫീസർ വൈ.സോമരാജ് ചൊല്ലിക്കൊടുത്തു.

പരേഡ് സെക്കന്റ് ഇൻ ചാർജ്ജായി പരവൂർ ഭൂതക്കുളം ഗവ ഹയർ സെക്കന്ററി സ്കൂളിലെ കുമാരി. ആദിത്യ ബി ആർ ഉം അഞ്ചാലുംമൂട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ മാസ്റ്റർ. ശബരീഷ് എസ് പരേഡിന്റെ പൂർണ്ണചുമതല വഹിക്കുകയും ചെയ്തു.പരേഡ് നയിച്ചവർക്കുള്ള ട്രോഫികൾ ജില്ലാ പോലീസ് മേധാവി വിതരണം ചെയ്തു.

ഇൻഫന്റ് ജീസസ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ റവ. ഫാദർ ഡോ. സിൽവി ആന്റണി ക്യാമ്പിൽ താൻ കണ്ട നല്ല പരിശീലന പാഠങ്ങളേപ്പറ്റിയും കുട്ടികളുടെ പ്രശ്നങ്ങളും മാതാപിതാക്കളും എന്ന വിഷയത്തെക്കുറിച്ച് രക്ഷിതാക്കളുമായി സംവദിക്കുകയും ചെയ്തു.